പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1820

04.10.2011 - ലെ മറുപടിക്ക്

## കെട്ടിടങ്ങൾക്ക് പുതിയ നമ്പർ നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശി | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമ പഞ്ചായത്തുകളുടെ പരിധിയിലുള്ള കെട്ടിടങ്ങൾക്ക് വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരവും വാർഡ് പുനർ നിർണ്ണയ പ്രകാരവും വ്യത്യസ്തമായ വാർഡ് നമ്പറുകളും കെട്ടിട നമ്പറുകളും നിലവിലുള്ളതിനാൽ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനും, റസിഡൻഷ്യൽ സർട്ടിഫിക്കറ്റിനും ആയി പഞ്ചായത്തിനെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (ബി) പൊതുജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. 14.01.2011-ലെ സ.ഉ.(അ) 20/2011/ത.സ്വ.ഭ.വ. നമ്പർ വിജ്ഞാപന പ്രകാരം 2011 ഏപ്രിൽ 1 മുതൽ ഗ്രാമ പഞ്ചായത്തുകളിൽ 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയ റിട്ടേൺ രജിസ്റ്റർ, വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അവ പൂർത്തിയാകുന്നതോടെ 2010-ലെ വാർഡ് വിഭജനത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്ററുകൾ എഴുതി പൂർത്തിയാക്കുന്നതാണ്. |

(.......2)

(ബി) കേരള പഞ്ചായത്ത് രാജ് വസ്തു നികുതി ചട്ടം ഭേദഗതിയുടെ അടിസ്ഥാനത്തിൽ പുതിയ നികുതി നിർദ്ദേശങ്ങൾ ഉണ്ടോ ; എങ്കിൽ അത് എന്ന് മുതൽ നടപ്പാകും ;

(സി) ഉണ്ട്.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, ത്രിതീയം എന്നീ മേഖലകളായി വിഭജിക്കുന്നതിനും ഓരോ കെട്ടിടവും സ്ഥിതിച്ചെയ്യുന്ന മേഖല, കെട്ടിടത്തിലേയ്ക്കുള്ള വഴി സൗകര്യത്തിന്റെ ലഭ്യത, കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം, തറയുടെ തരം, ചുമരിന്റെ നിർമ്മിതി, എയർ കണ്ടിഷനിംഗ് സൗകര്യം, കെട്ടിടത്തിന്റെ ഉപയോഗ ത്തിന്റെ സ്വഭാവം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തു നികുതിയിൽ ഇളവുകളും വർദ്ധനവു കളും വരുത്തി കെട്ടിടനികുതി നിർണ്ണയം നടത്തുന്നതിനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഇതു പ്രകാരം പുതുക്കിയ വസ്തു നികുതി 2011 ഏപ്രിൽ 1 മുതലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) വസ്തു നികുതി പുതുക്കുന്നതുമായി ബന്ധപ്പെടുത്തി കെട്ടിടങ്ങൾക്ക് പുതിയ നമ്പർ നൽകാനും അസസ്സ്മെന്റ് രജിസ്റ്റർ പുതുക്കാനും തീരുമാനിച്ചിട്ടുണ്ടോ ?

ഉണ്ട്.

സെക്ഷൻ ഓഫീസർ